# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 21, വെള്ളി

**നമ്പർ 178**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ:

(1) ചരക്ക് ഗതാഗത വ്യവസായവും പ്രസ്തുത മേഖലയിലെ തൊഴിലാളികളും നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്കും ആയവപരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ഗതാഗത വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) വടകര, കുറ്റ്യാടി, നാദാപുരം, കൊയിലാണ്ടി നിയോജക മണ്ഡലങ്ങളിലെ ശ്രവണ പരിമിതിയുള്ള കുട്ടികൾക്കായി എയ്ഡഡ് മേഖലയിൽ വടകരയിൽ നിലവിലുള്ള ഏക വിദ്യാലയമായ റോട്ടറി സ്കൂൾ ഫോർ ഹിയറിംഗ് ഇംപെയേർഡ്-ൽ ഹൈസ്കൂൾ ക്ലാസുകൾ അനുവദിക്കേണ്ടതിന്റെയും ഇത്തരം സ്കൂളുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മികച്ച സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീമതി കെ. കെ. രമ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP.594/2025.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. വി. ഡി. സതീശൻ | ആശാ പ്രവർത്തകരുടെ സമരം അവസാനിപ്പിക്കുന്നതിന് നടപടി | മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ബാബു (നെന്മാറ) | നെന്മാറ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനം | കൃഷിവകുപ്പ് മന്ത്രി |
| 3. | ശ്രീ. സണ്ണി ജോസഫ് | പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയം നിർമ്മാണം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്ക് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി |
| 4. | ശ്രീ. അൻവർ സാദത്ത് | എറണാകുളം സീപോർട്ട് എയർപോർട്ട് റോഡ് പ്രവൃത്തി | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. എസ്. സുപാൽ | തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

(i) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നാൽപ്പത്തിയാറ് മുതൽ അൻപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(ii) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

<u>അനൗദ്യോഗിക അംഗങ്ങളുടെ കാര്യം:</u>

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ :

(i) ശ്രീ. ജി. സ്റ്റീഫൻ നോട്ടീസ് നൽകിയ 2024-ലെ കേരള പൊതുനിരത്തുകളുടെ പരിപാലനവും സംരക്ഷണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

(ii) ശ്രീ. മുഹമ്മദ് മുഹസിൻ നോട്ടീസ് നൽകിയിരുന്ന മെഡിക്കൽ പഠനാവശ്യത്തിനായി മൃതശരീരങ്ങൾ വിട്ടുനൽകലും പ്രോൽസാഹിപ്പിക്കലും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. ബഹു. ആരോഗ്യ വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റി വച്ചു.

(iii) ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിരുന്ന 2024-ലെ കേരള വിദേശ പഠന കൺസൾട്ടൻസികളുടേയും ട്രാവൽ ഏജൻസികളുടേയും രജിസ്ട്രേഷനും നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(iv) ശ്രീ. അനൂപ് ജേക്കബ് നോട്ടീസ് നൽകിയ 2022-ലെ കേരള കാവുകൾ സംരക്ഷണ - വികസന അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിച്ചു. ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി സംസാരിച്ചു. അംഗം ഹ്രസ്വ പ്രസ്താവന നടത്തി. ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളിന്മേലുള്ള തുടർ ചർച്ച :

(i) ശ്രീ. കുറുക്കോളി മൊയ്തീൻ 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റിവച്ചു

(ii) ശ്രീ. സി. എച്ച്. കുഞ്ഞമ്പു 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ - പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റിവച്ചു.

(iii) ശ്രീ. സജീവ് ജോസഫ് 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം സംബന്ധിച്ച തന്റെ പ്രസ്താവന പുനരാരംഭിച്ചു. ഉപക്ഷേപം തുടർ ചർച്ചയ്ക്കായി മാറ്റിവച്ചു.

2025 മാർച്ച് 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, March 21, 2025*

**No. 178**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Calling Attention:*

(1) Shri Kadakampally Surendran called the attention of the Minister for Transport to the problems reported to have faced by the freight transport industry and workers in that sector and the necessity to take steps to resolve them. The Minister for Transport made a statement in this regard.

(2) Smt. K. K. Rema called the attention of the Minister for General Education and Labour to the necessity to sanction High School classes in Rotary School for Hearing Impaired, Vadakara, which is the sole school in the Aided Sector for hearing impaired students of Vadakara, Kuttiadi, Nadapuram and Quilandy Constituencies and to ensure better facilities to the differently abled students in such schools. For the Minister for General Education and Labour, the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നമ്പർ | അംഗം | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1. | ശ്രീ. വി. ഡി. സതീശൻ | ആശാ പ്രവർത്തകരുടെ സമരം അവസാനിപ്പിക്കുന്നതിന് നടപടി | മുഖ്യമന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പമന്ത്രി |
| 2. | ശ്രീ. കെ. ബാബു (നെന്മാറ) | നെന്മാറ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തനം | കൃഷിവകുപ്പ് മന്ത്രി |
| 3. | ശ്രീ. സണ്ണി ജോസഫ് | പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയം നിർമ്മാണം | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പമന്ത്രിക്ക് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പമന്ത്രി |
| 4. | ശ്രീ. അൻവർ സാദത്ത് | എറണാകുളം സീപോർട്ട് എയർപോർട്ട് റോഡ് പ്രവൃത്തി | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പമന്ത്രി |
| 5. | ശ്രീ. പി. എസ്. സുപാൽ | തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പമന്ത്രി |

The Ministers concerned made the statement regarding the respective issue.

*Presentation of Reports:*

(i) Forty Sixth to Fifty Eighth Reports of the Committee on Public Undertakings were presented.

(ii) Tenth to Fourteenth Reports of the Committee on Welfare of Women, Transgenders, Children and Differently abled were presented.

*Private Members' Business:*

1. The Sixteenth Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

2. Motion for leave to introduce the following bills:

(i) Shri G. Steephen moved the motion for leave to introduce The Kerala Public Roads (Protection and Maintenance) Implementation Bill, 2024 given notice by him. The mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(ii) Shri Muhammed Muhassin moved the motion for leave to introduce The Release of Dead Bodies for Medical Education and Promotion Bill, given notice by him. Since the motion was opposed by the Minister for Scheduled Castes, Scheduled Tribes, Backward Classes on behalf of the Minister for Health and Woman and Child Development, the mover was allowed to make a brief statement. The statement was inconclusive and set aside for continuation of discussion.

(iii) Dr. N. Jayaraj moved the motion for leave to introduce The Kerala Study - Abroad Consultants and Travel Agencies (Registration and Regulation) Bill, 2024 given notice by him. Since the motion was opposed by the Minister for Higher Education and Social Justice on behalf of the Chief Minister, the mover was allowed to make a brief statement. The motion was withdrawn with the leave of the House.

(iv) Shri Anoop Jacob moved the motion for leave to introduce The Kerala Constitution of Sacred Groves Conservation Development Authority Bill, 2022 given notice by him. Since the motion was opposed by the Minister for Forests and Wildlife, the mover was allowed to make a brief statement. The motion was withdrawn with the leave of the House.

3. Motion for leave to introduce the following bill (Continuation of Discussion) :

(i) Shr Kurukkoli Moideen continued the statement regarding the leave to introduce The Kerala Agricultural Produce (Assurance of Due Floor Price) Bill, 2021 given notice by him. The statement was inconclusive and set aside for continuation of discussion.

(ii) Shri C. H. Kunhambu continued the statement regarding the leave to introduce The Kerala Hotels and Restaurants (Maintaining of Standards and Control of Quality and Price of Food and Beverages) Bill, 2021 given notice by him. The statement was inconclusive and set aside for continuation of discussion.

(iii) Shri. Sajeev Joseph continued the statement regarding the leave to introduce The Tourism Sector Employees' Welfare Fund Bill, 2021 given notice by him. The statement was inconclusive and set aside for continuation of discussion.

The House adjourned at 12.30 a.m. to meet again at 9.00 a.m on Monday, March 24, 2025.

DR. N. KRISHNA KUMAR,
*Secretary.*